# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 48 06.02.2013 ലെ മറുപടിക്ക്

## ട്രെയിൻ യാത്രാക്കൂലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രദീപ്കുമാർ;<br>" കെ. സുരേഷ് കുറുപ്പ്;<br>" ജെയിംസ് മാത്യു;<br>" കെ. കുഞ്ഞിരാമൻ (ഉദുമ); | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ട്രെയിൻ യാത്രാക്കൂലി വർദ്ധന പിൻവലിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; പ്രസ്തുത കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | റയിൽവേ നിരക്ക് വർദ്ധനക്കെതിരെ ഒരു സംസ്ഥാന സർക്കാരിനു മാത്രമായി നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല. |
| (ബി) | നിരക്ക് വർദ്ധന എത്ര ശതമാനം വരെ ഉണ്ടായിട്ടുണ്ടെന്നും സാധാരണക്കാരായ ട്രെയിൻ യാത്രാക്കാരെ എപ്രകാരം ബാധിക്കുമെന്നും പരിശോധിച്ചിട്ടുണ്ടോ; | (ബി) | 10 മുതൽ ഇരുപത് ശതമാനം വരെയാണ് നിരക്ക് വർദ്ധന. കിലോമീറ്ററിന് സെക്കന്റ് ക്ലാസ് ഒർഡിനറി (സബർബൻ) നിരക്ക് രണ്ട് പൈസയും സെക്കന്റ് ക്ലാസ് ഓർഡിനറി (നോൺ സബർബൻ) ടിക്കറ്റ് നിരക്ക് 3 പൈസയും മെയിൽ/എക്സ്പ്രസ് സെക്കന്റ് ക്ലാസിനു നാല് പൈസയും സ്ലീപ്പർ ക്ലാസിന് 6 പൈസയും എ.സി ചെയർകാറിനു 10 പൈസയും, എ.സി. 3 ടയറിനു 10 പൈസയും ഫസ്റ്റ്ക്ലാസിന് 3 പൈസയും എ.സി 2 ടയറിന് 6 പൈസയും എ.സി ഫസ്റ്റ് ക്ലാസിന് 10 പൈസയുമാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. മിനിമം നിരക്ക് രണ്ട് രൂപയിൽ നിന്നും അഞ്ച് രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ ഇന്ധനവിലയും റയിൽവേയുടെ പ്രവർത്തനചെലവും, വിവിധ റയിൽവേ പദ്ധതികൾക്കായി കണ്ടെത്തേണ്ട തുകകളുമായി താരതമ്യം ചെയ്യുമ്പോൾ പത്ത് കൊല്ലത്തിനു ശേഷമുള്ള ഈ നിരക്ക് വർദ്ധന അധികമാണെന്ന് കരുതുന്നില്ല. |
| (സി) | സംസ്ഥാനത്ത് ട്രെയിനിനെ ആശ്രയിച്ച് യാത്ര ചെയ്യുന്നവരുടെ യാത്രാപ്രശ്നം സംബന്ധിച്ച വിശദാംശങ്ങൾ അറിയാമോ; എങ്കിൽ വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ട്രെയിൻ മുഖേന യാത്രചെയ്യുന്നവർക്ക് റയിൽവേ സ്റ്റേഷനുകളിലും, ട്രെയിനുകളിലും ആവശ്യമായ സൗകര്യങ്ങൾ, അവരുടെ സുരക്ഷ, ആവശ്യത്തിനു സർവ്വീസുകൾ, പുതിയ മെമു ഉൾപ്പെടെയുള്ള ട്രെയിനുകൾ തുടങ്ങിയ ആവശ്യങ്ങൾ 2013-14 ലെ റയിൽവേ ബഡ്ജറ്റിൽ ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനസർക്കാർ കേന്ദ്രസർക്കാരിനു വിശദമായ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ